# എട്ടാമത്തെ മോതിരം തനിത്തങ്കം

കെ. രാജേശ്വരി



എട്ടാമത്തെ മോതിരം തനിത്തങ്കം

കെ. രാജേശ്വരി
(മലയാളം: ലേഖനം)

© 2026, Adv. A. Jayasankar

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: A boy doing his homework, a painting by Laurits Andersen Ring (1854–1933). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# എട്ടാമത്തെ മോതിരം തനിത്തങ്കം

1953 ഡിസംബർ 31-നും 1954 ജനുവരി ഒന്നിനുമിടക്കുള്ള രാത്രിയിലാണ് കെ. സി. മാമ്മൻ മാപ്പിള ഇഹലോകവാസം വെടിഞ്ഞത്. ഏതാനും മാസങ്ങൾക്കുമുമ്പ് അദ്ദേഹത്തിന്റെ സഹധർമിണി മാമിമരണമടഞ്ഞിരുന്നു. മാമ്മൻ മാപ്പിള ഭാര്യയുടെ സ്വർണാഭരണങ്ങൾ ഉരുക്കി മോതിരം പണിയിച്ച് മക്കൾക്കുകൊടുത്തു എന്നാണ് ഐതിഹ്യം.

ശതാബ്ദി വേളയിൽ (1988) മലയാള മനോരമ പ്രസിദ്ധീകരിച്ച പുസ്തകമാണ് സംസ്കാരിക നവോത്ഥാനം. എൻ. വി. കൃഷ്ണവാര്യരുടെ അവതാരികയും കെ. എം. മാത്യുവിന്റെ ആമുഖവും ഗ്രന്ഥകാരൻ മൂർക്കോത്തു കുഞ്ഞപ്പയുടെ പ്രസ്താവനയും കഴിഞ്ഞ് ഒന്നാമധ്യായത്തിനു തൊട്ടുമുമ്പായി മോതിരങ്ങളുടെ കഥ സൂചിപ്പിച്ചിട്ടുണ്ട്. “മാമ്മൻ മാപ്പിളയുടെ സഹധർമിണിയുടെ നിര്യാണത്തിനുശേഷം അവരുടെ ആഭരണങ്ങൾ ഉരുക്കി ഏഴുമോതിരങ്ങളുണ്ടാക്കി ഏഴുപുത്രന്മാർക്കും കൊടുത്തു. ആ മോതിരം ധരിക്കുമ്പോൾ ഈ പ്രതിജ്ഞ ചെയ്യണമെന്നായിരുന്നു അദ്ദേഹത്തിന്റെ നിർദേശം.

I humbly undertake to pray God constantly—especially when any difficulty or temptation confronts me—for divine guidance and help to conduct myself in thought, word and deed in such a manner as would have been pleasing to our dearest mother had she been alive—as would be pleasing to our dearest mother now resting in God’s presence—I shall cherish this ring as an ever present help and inspiration.

പരിഭാഷ: എല്ലായ്പ്പോഴും പ്രത്യേകിച്ച് ഏതെങ്കിലും പ്രയാസവും പ്രലോഭനവും എന്നെ നേരിടുന്ന സന്ദർഭങ്ങളിൽ, ഞങ്ങളുടെ പ്രിയപ്പെട്ട അമ്മ ഇപ്പോൾ ജീവിച്ചിരുന്നെങ്കിൽ അമ്മക്കു സന്തോഷമാകുമായിരുന്ന വിധത്തിലും—ഇപ്പോൾ ദൈവ സന്നിധിയിൽ വിശ്രമിക്കുന്ന ഞങ്ങളുടെ ഏറ്റവും പ്രിയപ്പെട്ട അമ്മയ്ക്കു സന്തോഷകരമായ വിധത്തിലും—പെരുമാറത്തക്ക ദൈവിക സഹായത്തിനും മാർഗ്ഗദർശനത്തിനും വേണ്ടി പ്രാർത്ഥിക്കുമെന്നു സവിനയം ഞാൻ പ്രതിജ്ഞ ചെയ്യുന്നു.

ആ സഹായവും ആശയ പ്രചോദനവും എപ്പോഴും എന്റെ കൂടെത്തന്നെ ഉണ്ടെന്നുള്ളതിന്റെ വിലയേറിയ അടയാളമായി ഞാൻ ഈ മോതിരം ധരിക്കുന്നതാണ്.”

മാമ്മൻ മാപ്പിളയുടെ കൈപ്പടയിലുള്ള കുറിപ്പിന്റെ പകർപ്പ് തൊട്ടടുത്ത പേജിലും പ്രസിദ്ധീകരിച്ചുകാണുന്നു.

മാമ്മൻ മാപ്പിള-മാമ്മി ദമ്പതികൾക്ക് ഒമ്പതു മക്കളാണ് ഉണ്ടായിരുന്നത്. എട്ടാണും ഒരു പെണ്ണും കെ. എം. ചെറിയാൻ, കെ. എം. ഉമ്മൻ, കെ. എം. ഈപ്പൻ, കെ. എം. വർഗീസ് മാപ്പിളാ, കെ. എം. ജേക്കബ്, കെ. എം. മാത്യൂ, കെ. എം. ഫിലിപ്പ്, മറിയക്കുട്ടി, കെ. എം. മാത്യൂ, കെ. എം. മാമ്മൻ മാപ്പിള. ഇവരിൽ ചാക്കോച്ചൻ എന്നു വിളിച്ചിരുന്ന കെ. എം. ജേക്കബ് ചെറുപ്പത്തിലേ മരണമടഞ്ഞു. അദ്ദേഹത്തിന്റെ ഭാര്യ സാറാമ്മ കുട്ടികളുമൊത്ത് പിതൃഭവനത്തിലേക്ക് മടങ്ങിപ്പോയി. മാമ്മൻ മാപ്പിളയുടെ ഏക മകൾ മറിയക്കുട്ടി ഭർത്താവ് കുര്യൻ മാത്തനോടൊപ്പം ബാംഗ്ലൂരിലായിരുന്നു സ്ഥിരതാമസം.

ഏഴു മോതിരങ്ങൾ പണിയിച്ച് ഏഴു പുത്രന്മാർക്കു കൊടുത്തതിൽ അസ്വാഭവികമായി ഒന്നുമില്ല. ഒന്നാമത് സുറിയാനി ക്രിസ്ത്യാനികൾക്ക് മക്കളെന്നു പറഞ്ഞാൽ ആൺമക്കളാണ്. പെൺമക്കൾക്ക് പിതൃസ്വത്തിൽ അവകാശമില്ല. മേരി റോയ് കേസുണ്ടായതും തിരു-കൊച്ചി ഭാഗത്ത് ഇന്ത്യൻ പിന്തുടർച്ചവകാശം ബാധകമായതുമൊക്കെ മാമ്മൻ മാപ്പിളയുടെ കണ്ണടഞ്ഞ് നാലുപതിറ്റാണ്ടിനു ശേഷമാണ്. രണ്ടാമത് മോതിരമല്ല പ്രതിജ്ഞയാണ് മുഖ്യം. മറിയക്കുട്ടിയോ സാറാമ്മയോ പ്രയാസങ്ങളും പ്രലോഭനങ്ങളും നേരിടാനുള്ള സാധ്യത കുറവാണ് അതുകൊണ്ടുതന്നെ അവർ മോതിരം ധരിക്കേണ്ട, പ്രതിജ്ഞയും എടുക്കേണ്ട. സംഗതി തികച്ചും ന്യായം.



കെ. എം. മാത്യു

മനോരമയുടെ ശതാബ്ദിയും സാംസ്കാരിക നവോത്ഥാനത്തിന്റെ പ്രസിദ്ധീകരണവും കഴിഞ്ഞ് 20 കൊല്ലത്തിനുശേഷം മോതിരങ്ങളുടെ എണ്ണം ഏഴിൽ നിന്ന് ഒമ്പതായി ഉയർന്നിരിക്കുന്നു. ഡി. സി. ബുക്സ് പ്രസിദ്ധീകരിച്ച കെ. എം. മാത്യുവിന്റെ ആത്മകഥയുടെ പേരുതന്നെ ‘എട്ടാമത്തെ മോതിരം’ എന്നാണ്. നഷ്ടജാതകം എന്ന ആമുഖക്കുറിപ്പിൽ മോതിരവൃത്താന്തം വിവരിച്ചിട്ടുള്ളത് ഇപ്രകാരമാണ്.

“ഓർമകളിലൂടെയുള്ള ദീർഘയാത്ര തുടങ്ങും മുൻപ് മോതിരവിരലിലെ ആ വഴിവെളിച്ചത്തെക്കുറിച്ചു ടി പറയണം. മക്കൾക്കു കെ. സി. മാമ്മൻ മാപ്പിള നൽകിയ അനർഘമായ സ്വത്ത് എന്തായിരുന്നു വെന്നോ? ഓരോ സ്വർണമോതിരം! ഇന്നത്തെ കംപ്യൂട്ടർ യുഗത്തിൽ ‘നെറ്റ് വർക്കിങ്’ എന്നു പറയാവുന്ന ഒരു സമ്മാനം എന്റെ അമ്മച്ചി മാമ്മിയുടെ നിര്യാണത്തിനുശേഷം അമ്മച്ചിയുടെ സ്വർണാഭരണങ്ങൾ ഉരുക്കി ഒൻപതു മോതിരങ്ങൾ ഉണ്ടാക്കി. ജീവിച്ചിരിക്കുന്ന ഞങ്ങൾ ഏഴു സഹോദരന്മാർക്കും പരേതനായ സഹോദരൻ കെ. എം. ജേക്കബ്ബിന്റെ പത്നിക്കും ഞങ്ങളുടെ ഏക സഹോദരിക്കും വീതിച്ചുതന്നു. എട്ടാമനുകിട്ടിയ മോതിരം ആദ്യമണിഞ്ഞപ്പോൾ തന്നെ എനിക്കു തോന്നി, മോതിരവിരലിലൊരു കാവൽ മാലാഖ ഉണ്ടെന്ന്.

ആ മോതിരം ധരിക്കുമ്പോൾ ഞങ്ങൾ എടുക്കേണ്ട പ്രതിജ്ഞാവാചകവും അപ്പച്ചൻ സ്വന്തം കൈപ്പടയിൽ എഴുതിത്തന്നിരുന്നു. പ്രതിജ്ഞ ഇതായിരുന്നു... ഇതെഴുതുന്ന പേനയ്ക്കടുത്ത് എട്ടാമത്തെ മോതിരം ഇപ്പോഴും പ്രകാശിപ്പിക്കുന്നുണ്ട്.”

മേരി റോയ് കേസിലെ സുപ്രീംകോടതി വിധിക്കു പൂർവകാല പ്രാബല്യം നൽകരുതെന്നാവശ്യപ്പെട്ട് അച്ചടിമഷി ഒരുപാടു വറ്റിച്ചയാളാണ് അച്ചായൻ. അപ്പച്ചൻ മരിച്ച 55 കൊല്ലത്തിനു ശേഷം രണ്ടു മോതിരങ്ങൾ കൂടി പണിയിച്ച സഹോദരിയെയും സഹോദരപത്നിയെയും അണിയിക്കുകയും അവരെക്കൊണ്ടുകൂടി പ്രതിജ്ഞയെടുപ്പിക്കുകയും ചെയ്തിരിക്കുന്നു. ആറാമത്തെ മോതിരത്തെ എട്ടാമത്തെ മോതിരമാക്കാനുള്ള കൈയടക്കവും കർമകുശലതയുമാണ് ഈ ഗ്രന്ഥത്തെ ശ്രദ്ധേയമാക്കുന്നത്.


സി. പി. രാമസ്വാമി അയ്യർ

‘എട്ടാമത്തെ മോതിര’ത്തിന്റെ ഒമ്പതു മുതൽ പതിനെട്ടുവരെ അധ്യായങ്ങൾ (110 പേജുകൾ) വിനിയോഗിച്ചിരിക്കുന്നത് സി. പി. രാമസ്വാമി അയ്യരെ ദുഷിക്കാനും കെ. സി. മാമ്മൻ മാപ്പിളയുടെ നിരപരാധിത്വം ആവർത്തിച്ചാവർത്തിച്ച വ്യക്തമാക്കാനുമാണ്. ട്രാവൻകൂർ നാഷനൽ ആന്റ് ക്വയിലോൺ ബാങ്കിന്റെ തകർച്ചയും ഉടമസ്ഥരുടെ വിചാരണയും തടവുശിക്ഷയുമൊക്കെ പ്രതിപാദിക്കുമ്പോൾ സഹജമായ നയവും വിനയവും അഭിനയവും ഗ്രന്ഥകാരനെ വിട്ടുപിരിയുന്നു. സ്വരം പരുഷമാകുന്നു വാക്കുകൾക്കു മൂർച്ച കൂടുന്നു. വ്യാജരേഖയുണ്ടാക്കി ഇടപാടുകാരെ വഞ്ചിച്ചതിനാണ് മാമ്മൻ മാപ്പിളയെയും കൂട്ടരെയും വിചാരണചെയ്തു ശിക്ഷിച്ചത് എന്ന പ്രാഥമിക വസ്തുത വിസ്മരിക്കുന്നു. പകരം സി. പി.-യുടെ പൊലീസ്, സി. പി.-യുടെ കോടതി, സി. പി.-യുടെ പീനൽകോഡ്, സി. പി.-യുടെ ജയിൽ, സി. പി. അനുകൂല ചരിത്രകാരന്മാർ എന്നിവർക്കൊക്കെ നേരെ കുരച്ചു ചാടുന്നു. പ്രൊഫ. എ. ശ്രീധരമേനോനെപ്പോലും വിട്ടിട്ടില്ല. മനോരമ പൂട്ടിച്ചതിന്റെയും ബാങ്ക് തകർത്തതിന്റെയും ഉത്തരവാദിത്തം അമ്മ മഹാറാണിക്കാണെന്ന തിയറിയെപാടേ നിരാകരിക്കുന്ന (മറിച്ചു തെളിയിക്കാനുള്ള വ്യഗ്രതകൊണ്ടാവണം മാർത്താണ്ഡവർമ്മ മഹാരാജാവിനെക്കൊണ്ട് മോതിരം പ്രകാശിപ്പിച്ചത്) തിരുവിതാംകൂറിന്റെ വ്യവസായ പുരോഗതിക്കുവേണ്ടി സി. പി. രാമസ്വാമി അയ്യർ ഒരു ചുക്കും ചെയ്തില്ല എന്നു വാദിക്കുന്നു.


എ. ശ്രീധരമേനോൻ

സത്യത്തിൽ ഒമ്പതുമുതൽ പതിനെട്ടുവരെ അധ്യായങ്ങളിൽ വിവരിക്കുന്ന സംഗതികളിൽ മുക്കാൽപങ്കും കെ. എം. മാത്യുവിന് നേരിട്ട് അറിവുള്ള കാര്യങ്ങളല്ല. ഇതേ കാര്യങ്ങൾ ഇതിനേക്കാൾ വ്യക്തതയോടെ കുറെക്കൂടി സത്യസന്ധമായി കെ. സി. മാമ്മൻ മാപ്പിളയുടെ ‘ജീവിതസ്മരണകളി’ൽ പ്രതിപാദിച്ചിട്ടുള്ളതുമാണ്.

ബാങ്ക തട്ടിപ്പുകേസിലെ പ്രതികളെ എട്ടുകൊല്ലത്തെ തടവിനാണ് വിചാരണക്കോടതി ശിക്ഷിച്ചത്. അപ്പീൽ പരിഗണനയിലിരിക്കെ കെ. സി. ഈപ്പൻ മരിച്ചു. കെ. വി. വർഗീസിനെ ഹൈക്കോടതി വെറുതെവിട്ടു. ബാക്കി മൂന്നുപേരുടെയും ശിക്ഷ ശരിവെച്ചു. കെ. സി. മാമ്മൻ മാപ്പിളയും മകൻ കെ. എം. ഈപ്പനും നിരുപാധികം കുറ്റം സമ്മതിക്കുകയും ക്ഷമ യാചിക്കുകയും അനാരോഗ്യം പരിഗണിച്ച് ജയിൽവിമുക്തരാക്കണമെന്ന് അന്നദാതാവായ പൊന്നുതമ്പുരാനോട് താണപേക്ഷിക്കുകയും ചെയ്തു. മാപ്പപേക്ഷയിൽ ചിത്തിര തിരുനാൾ തൃക്കൈ വിളയാടി 1941 സെപ്റ്റംബർ 11-ന് മാമ്മൻ മാപ്പിളയും മകനും ജയിൽമോചിതരായി. താമസം മദ്രാസിലേക്കു മാറ്റി.


സി. പി. മാത്തൻ

അവശേഷിച്ച പ്രതി, ചാലക്കുഴിയിൽ സി. പി. മാത്തൻ കുറ്റം സമ്മതിച്ച് ക്ഷമായാചനം നടത്താൻ തയാറായില്ല. മാമ്മൻ മാപ്പിളയും മകനും തടികഴിച്ചിലാക്കിയ ശേഷവും അദ്ദേഹം പൂജപ്പുര ജയിലിൽ ഉണ്ടതിന്നുകഴിഞ്ഞു, മാത്തന്റെ ഭാര്യ അന്നത്തെ അഡ്വക്കറ്റ് ജനറൽ സർ. ബി. എൽ. മിത്തറുടെ നിയമോപദേശം സഹിതം വൈസ്രോയിക്ക് സമ്മർദത്താൽ മാത്തനും മോചിതനായി എന്നാണ് ചരിത്രം.

ഇനി കെ. എം. മാത്യുവിന്റെ ഭാഷ്യം കേൾക്കുക. കുറ്റസമ്മതം ക്ഷമായാചനം തുടങ്ങിയ പദങ്ങളൊന്നും അദ്ദേഹം കേട്ടിട്ടേയില്ല:

“കേസിനോടു ബന്ധപ്പെട്ട കാര്യങ്ങളോടൊപ്പം വിധിന്യായവും ചേർത്ത് കെ. പി. എബ്രഹാം മുഖേന അയച്ച അഭ്യർത്ഥനയിലൂടെ സി. പി. മാത്തന്റെ പത്നി ഏലിയാമ്മ (കുഞ്ഞ്), ഫെഡറൽ കോടതിയിലെ റിട്ടയേഡ് ജഡ്ജി ബി. എൽ. മിത്തറിനോട് വിധിയെക്കുറിച്ചുള്ള വിദഗ്ധനിയമോപദേശം തേടി. വിശദമായ തെളിവുകളോടെ ബാർവെല്ലും കെ. ജി. നായരും കെ. പി. എബ്രഹാമും നടത്തിയ വാദവും മറ്റും പരിശോധിച്ചു ബോധ്യപ്പെട്ട മിത്തറിന്റെ അഭിപ്രായം കേസിന് നിലനില്പില്ലെന്നും വിധി പക്ഷപാതപരമാണെന്നുമായിരുന്നു. വൈസ്രോയിക്കും ബന്ധപ്പെട്ട മറ്റുള്ളവർക്കും മിത്തറിന്റെ ആ അഭിപ്രായം മിസിസ് മാത്തൻ അയച്ചുകൊടുത്തു. സി. പി. പ്രതിക്ഷിക്കാത്ത ഒരു നീക്കമായിരുന്നു ഇത്.

ഇതേത്തുടർന്ന് കേസിൽ വിധിന്യായം നടത്തിയ ജഡ്ജിമാർക്കെതിരെയും സി. പി.-ക്കെതിരെയും കൊട്ടാരത്തിനെതിരായിപ്പോലും പൊതുജനങ്ങൾക്കിടയിലും ബ്രിട്ടീഷ് അധികാരകേന്ദ്രങ്ങളിലും അഭിപ്രായ രൂപികരണം ഉണ്ടാവുമെന്ന ഭീതിയിൽ ശിക്ഷാകാലാവിധി തീരുംമുൻപേ 1941 സെപ്റ്റംബർ 11-ന് സി. പി. മാത്തനൊഴികെയുള്ള എല്ലാവരെയും വിട്ടയക്കുകയായിരുന്നു. സി. പി. മാത്തനെ വീണ്ടും പ്രകോപിപ്പിക്കുവാൻ വേണ്ടിയായിരുന്നു അപ്പച്ചനെയും മറ്റുള്ളവരെയും ആദ്യം വിട്ടയച്ചത്. ഇതിൽ മാത്തൻ കലുങ്ങില്ലെന്ന് ബോധ്യപ്പെട്ട സി. പി. വൈകാതെ മാത്തനെയും വിട്ടയച്ചു.”

‘സി. പി. മാത്തനൊഴികെയുള്ള എല്ലാവരെയും,’ ‘അപ്പച്ചനെയും മറ്റുള്ളവരെയും’ എന്നീ പ്രയോഗങ്ങൾ ശ്രദ്ധിക്കുക. സി. പി. മാത്തനെക്കൂടാതെ 10–15 പ്രതികളെങ്കിലും ഉണ്ടായിരുന്നു എന്ന പ്രതീതി സൃഷ്ടിക്കാനാണിത് മാത്തനെ കൂടാതെ രണ്ടു പ്രതികളേ ജയിലിലുണ്ടായിരുന്നുള്ളു—മാമ്മൻ മാപ്പിളയും മകൻ കെ. എം. ഈപ്പനും മാത്രം. അവർ മാപ്പെഴുതിക്കൊടുത്തി ഇറങ്ങിപ്പോകുകയും ചെയ്തു.

ഇതിനേക്കാൾ രസകരമാണ് മലയാള മനോരമ അടിയന്തരാവസ്ഥയെ എതിർത്ത കഥ. അച്ചായന്റെ വാക്കുകൾ ശ്രവിപ്പിൻ:

“...1957-ലെ അടിയന്തരാവസ്ഥാ പ്രഖ്യാപനത്തെക്കുറിച്ച് കയ്പോടെയല്ലാതെ ഓർക്കാൻ വയ്യ. സി. പി.-യെ എതിർത്തതിന്റെ പേരിൽ ശ്വാസംമുട്ടിച്ച് നിശബ്ദമാക്കപ്പെട്ട മനോരമ മറ്റൊരു ഏകാധിപത്യ നടപടിക്കെതിരെ എന്തു നിലപാടാണ് എടുക്കേണ്ടത് എന്ന കാര്യത്തിൽ കാര്യമായ ആലോചനകൾ തന്നെ വേണ്ടിവന്നു. മനോരമയിലെ മുതിർന്ന പത്രാധിപസമിതി അംഗങ്ങളെയും മാനേജർമാരെയുമൊക്കെ വിളിച്ചുവരുത്തി ഞാനിക്കാര്യം ചർച്ച ചെയ്തു. ജനാധിപത്യത്തിനു നേരെയുള്ള വെല്ലുവിളിയെ എതിർക്കേണ്ടത് മനോരമയുടെ പ്രഖ്യാപിതനയം തന്നെയാണ്. പക്ഷേ, എതിർത്താൽ 24 മണിക്കൂറിനകം എന്തെങ്കിലും നടപടി ഉണ്ടാവുമെന്നുറപ്പ്. സി. പി.-യുടെ കാലത്ത് മനോരമയെ ആശ്രയിച്ചു ജീവിക്കുന്നവരുടെ എണ്ണം തീരെ കുറവായിരുന്നു. ഇപ്പോൾ അങ്ങനെയല്ല കാര്യങ്ങൾ എന്നു ചർച്ചയിൽ പലരും ചൂണ്ടിക്കാണിച്ചു. അടിയന്തരാവസ്ഥയെ എതിർക്കണമെന്ന തീരുമാനമെടുത്താൽ മനോരമയെ ആശ്രയിച്ചു ജീവിക്കുന്ന നൂറുകണക്കിനു കുടുംബങ്ങളാണു പട്ടിണിയിലാവുക. ചർച്ചക്കിടയിൽ പത്രാധിപസമിതിയിലെ വി. കെ. ബി. നായർ മാനേജ്മെന്റിനോട് ഉറപ്പിച്ചു പറഞ്ഞു: പത്രം നിർത്തിയിട്ടു വീട്ടിൽ പോയി ഇരുന്നാലും നിങ്ങൾക്കാർക്കും ഒരു പ്രശ്നവുമുണ്ടാവില്ല. പക്ഷേ, അതോടെ ഞങ്ങളൊക്കെ പട്ടിണിയാവുമെന്ന് ഉറപ്പ്.

അങ്ങനെ ആ ചർച്ചയിൽ ഇങ്ങനെയൊരു തീരുമാനമെടുത്തു അടിയന്തരാവസ്ഥയെ മനോരമ അനുകൂലിക്കുന്നുമില്ല; പ്രത്യക്ഷത്തിൽ എതിർക്കുന്നുമില്ല.

അടിയന്തരാവസ്ഥ അധികകാലം ഉണ്ടാവില്ലെന്ന നിഗമനത്തിൽ അതുവരെ നമുക്ക് നീന്തിത്തുടിച്ചുകിടക്കാം എന്നായിരുന്നു എല്ലാവരുംകൂടി എടുത്ത തീരുമാനം...”

നീന്തിത്തുടിച്ചുകിടന്ന ആ കിടപ്പ്! കർത്താവേ അതെന്നാ കിടപ്പായിരുന്നു? ഇരുപതിനപരിപാടിക്കും അഞ്ചിന പരിപാടിക്കും, “നാവടക്കു പണിയെടുക്കൂ” തുടങ്ങിയ മുദ്രാവാക്യങ്ങൾക്കും നൽകിയ ധീരമായ പിന്തുണ, ജയിലിൽ അടയ്ക്കപ്പെട്ട പ്രതിപക്ഷ നേതാക്കളോടുള്ള വിദ്വേഷം, ആഫ്രിക്കൻ പായൽ നിർമാർജനത്തെക്കുറിച്ചെഴുതിയ അത്യുഗ്രൻ റിപ്പോർട്ടുകൾ...

1977 ജനുവരിയിൽ സെൻസർഷിപ്പിന് ഇളവുവരുത്തിയപ്പോൾ ഒരു വിഭാഗം പത്രങ്ങൾ സർക്കാറിനെ എതിർക്കാൻ തുടങ്ങി. മലയാള മനോരമ ഇന്ദിരാജിക്ക് പിന്നിൽ പാറപോലെ ഉറച്ചുനിന്നു. പ്രിയദർശിനിയുടെയും പ്രിയപുത്രന്റെയും അപദാനങ്ങൾ വാഴ്ത്തി. അടിയന്തരാവസ്ഥയുടെ സൽഫലങ്ങളെ പ്രകീർത്തിച്ചു. അവയെ ശാശ്വതമാക്കാൻ നാടിനെ നാകമാക്കാൻ ‘പശുവും കിടാവും’ ചിഹ്നത്തിൽ വോട്ടുചെയ്യാൻ വായനക്കാരെ ഉദ്ബോധിപ്പിച്ചു.


മുഹ്സിനാ കിദ്വയി

1977 മാർച്ച് 21-നു ശേഷം ഇന്ദിര-സഞ്ജയ് സ്തുതി നിറുത്തിവെച്ച കോൺഗ്രസിനുള്ള പിന്തുണ മുമ്പേപോലെ തുടർന്നു. 1978 ജനുവരി ഒന്നിന് കോൺഗ്രസ് പിളർത്തി ഇന്ദിര പുതിയ പാർട്ടിയുണ്ടാക്കിയപ്പോൾ മനോരമ ശക്തമായി എതിർത്തു. സ്വേച്ഛാധിപത്യത്തിനും കുടുംബാധിപത്യ പ്രവണതക്കുമെതിരെ മുഖപ്രസംഗങ്ങൾ വന്നു. അസംഗഢ്മണ്ഡലത്തിൽ ഇന്ദിര നിറുത്തിയ മുഹ്സിനാ കിദ്വയി ജനതാപാർട്ടിയിലെ രാംബചൻ സിംഗ് യാദവിനെയും കോൺഗ്രസിലെ ചന്ദ്രജിത് യാദവിനെയും മലർത്തിയടിച്ചപ്പോൾ മനോരമക്കു വീണ്ടുംവിചാരമുണ്ടായി. ആ വർഷാവസാനം ഇന്ദിരഗാന്ധി ചിക്മഗളൂർ ഉപതെരഞ്ഞെടുപ്പ് ജയിച്ച് ലോക്സഭയിൽ തിരിച്ചെത്തിയപ്പോൾ കന്മഷം തീർത്തും മാറി. 1979 ആദ്യം കർണാടകത്തിലും ആന്ധ്രയിലും ഇന്ദിരാ കോൺഗ്രസ് അധികാരം പിടിച്ചപ്പോൾ വീണ്ടും ആരാധനയായി കണ്ടിട്ടില്ല, ഞാനീവിധം മലർച്ചെണ്ടുപോലൊരു മാനസം!


‘എട്ടാമത്തെ മോതിര’ത്തിലുള്ള അസത്യങ്ങളും അർധസത്യങ്ങളും എണ്ണിപ്പറയാൻ ഒരുമ്പെട്ടാൽ അതിനേക്കാൾ വലിയ ഗ്രന്ഥം എഴുതേണ്ടിവരും. ഒറ്റക്കൊരു തമാശകൂടി കേൾക്കുവിൻ:


പി. സി. അലക്സാണ്ടർ


“ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായിരുന്ന കാലം. പി. സി. അലക്സാണ്ടർ അന്ന് ഇന്ദിരയുടെ പ്രിൻസിപ്പൽ സെക്രട്ടറിയാണ്. ഒരു ദിവസം ദൽഹിയിൽ നിന്ന് അലക്സാണ്ടർ എന്നെ വിളിച്ചു:

—മാത്തുക്കുട്ടിക്കു പത്മഭൂഷൻ ബഹുമതി ലഭിക്കാനുള്ള എല്ലാ രേഖകളും ശരിയായിക്കഴിഞ്ഞു. ഇനി പ്രഖ്യാപിച്ചാൽ മാത്രം മതി.

കോൺഗ്രസ് പിളർന്നതിനെത്തുടർന്ന് (1969) ഇന്ദിരഗാന്ധിയുടെ കൂടെയാണ് മനോരമ നിൽക്കേണ്ടതെന്ന് ഉണ്ണൂണ്ണിച്ചായൻ തീരുമാനിച്ചിരുന്നു. തുടർന്നും ഇന്ദിരാഗാന്ധിക്കു നിർലോഭമായ പിന്തുണയാണു നൽകിക്കൊണ്ടിരുന്നത്. അതിനകം മനോരമയുടെയും ഞങ്ങളുടെയും നല്ല സുഹൃത്തായി ഇന്ദിര മാറിക്കഴിഞ്ഞിരുന്നു. ഇക്കാര്യങ്ങളെല്ലാം മനസ്സിലോർമിച്ച് ഞാൻ അലക്സാണ്ടറോട് പറഞ്ഞു:


ഇന്ദർകുമാർ ഗുജ്റാൽ

—വേണ്ട അലക്സാണ്ടർ ഇന്ദിരാഗാന്ധിയെ ഇത്രയും കാലം പല കാര്യങ്ങളിലും മനോരമ പിന്താങ്ങിയതു് എനിക്കു പത്മ അവാർഡു കിട്ടാൻ വേണ്ടിയായിരുന്നുവെന്നോ ഇന്ദിരാഗാന്ധി ഈ അവാർഡ് സമ്മാനിക്കുന്നത് ആ പിന്തുണയുടെ പേരിലാണെന്നോ ആളുകൾ പറയാനിടവരരുത്. മനോരമയുടെ വിശ്വാസ്യതക്ക് അത് നന്നല്ല. എന്നെ അതിൽനിന്നു ഒഴിവാക്കണം.


അടൽബിഹാരി വാജ്പേയി

തീരുമാനം മാറ്റണമെന്ന് അഭ്യർത്ഥിച്ച് അലക്സാണ്ടർ എനിക്ക് കത്തെഴുതുകയും അന്ന് ഫോണിൽ പറഞ്ഞ കാര്യങ്ങൾ ഞാൻ മറുപടിയിൽ വിശദമാക്കുകയും ചെയ്തു. പിന്നീട് ബി. ജെ. പി. സർക്കാർ അധികാരത്തിലെത്തിയപ്പോൾ 1998-ൽ എനിക്കു പത്മഭൂഷൻ പ്രഖ്യാപിക്കുകയും ഞാൻ ആ ബഹുമതി സ്വീകരിക്കുകയും ചെയ്തു. ബി. ജെ. പി. സർക്കാരിനോടുള്ള വിയോജിപ്പുകൾ മനോരമ തുറന്നെഴുതുന്ന കാലത്തായിരുന്നു. എനിക്ക് പത്മഭൂഷൺ ലഭിച്ചത്...”


കെ. ആർ. നാരായണൻ

ബി. ജെ. പി.-ക്കാർക്ക് ഇത്ര ഹൃദയവിശാലതയോ എന്ന് അദ്ഭുതപ്പെടാൻ വരട്ടെ. പത്മ അവാർഡുകൾ പ്രഖ്യാപിക്കുന്നത് ജനുവരി 26-നാണ്. 1998-ലും അതിനു മാറ്റമൊന്നുമില്ല. അന്നു ഇന്ത്യൻ പ്രധാനമന്ത്രി ഇന്ദർകുമാർ ഗുജ്റാൽ ആണ്. രാഷ്ട്രപതി, മനോരമയുടെയും മാത്തുക്കുട്ടിച്ചായന്റെയും അഭ്യുദയകാംക്ഷി കെ. ആർ. നാരായണൻ. അടൽബിഹാരി വാജ്പേയിയുടെ മന്ത്രിസഭ സത്യ പ്രതിജ്ഞ ചെയ്ത് അധികാരമേറ്റത് മാർച്ച 19-നാണ്.

എട്ടാമത്തെ മോതിരം തനിത്തങ്കമാണ്. ചെമ്പ് തീരെയുമില്ലെന്നർഥം.

□

## അഡ്വക്കറ്റ് എ. ജയശങ്കർ



അഭിഭാഷകനും രാഷ്ട്രീയ നിരീക്ഷകനും രാഷ്ട്രീയ നിരൂപകനുമാണ് അഡ്വക്കറ്റ് എ. ജയശങ്കർ. മാധ്യമം ദിനപത്രത്തിൽ 'കെ. രാജേശ്വരി' എന്ന തൂലികാ നാമത്തിൽ എഴുതിയ ലേഖനങ്ങൾ ശ്രദ്ധിക്കപ്പെട്ടിരുന്നു. മലയാളികൾക്കിടയിൽ അദ്ദേഹം കൂടുതൽ പ്രശസ്തി നേടിയത് ഇന്ത്യാവിഷൻ ചാനലിലെ പ്രതിവാര ദിനപത്ര അവലോകന പരിപാടിയായ വാരാന്ത്യം എന്ന പരിപാടിയിലൂടെയാണ്. തനതായ ഒരു അവതരണ ശൈലിയാണ് ഈ പരിപാടിയിൽ അദ്ദേഹം പ്രകടമാക്കുന്നത്. മലയാളത്തിലെ പ്രമുഖ വാർത്താ ചാനലുകളിലെല്ലാം രാഷ്ട്രീയ ചർച്ചകളിൽ സ്ഥിരം സാന്നിധ്യമാണ് ഇദ്ദേഹം. കേരള രാഷ്ട്രീയത്തിലെയും ഇന്ത്യൻ രാഷ്ട്രീയത്തിലെയും ജയശങ്കറിന്റെ അഗാധമായ അറിവിനൊപ്പം ഹാസ്യവും ഗൗരവവും കലർന്ന അദ്ദേഹത്തിന്റെ നിർഭയത്വതോടെയുള്ള അവതരണ രീതിയും ഏറെ ജനപ്രിയമാണ്.

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014